# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 345 – 03/03/2020 - ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ പൊതുകടം മൊത്തം കടം എന്നിവയിലെ വർദ്ധനവ്

ചോദ്യം

**ശ്രീ.ഷാഫി പറമ്പിൽ**

ഉത്തരം

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 2016 മേയ് മാസം സംസ്ഥാനത്തിന്റെ പൊതുകടവും, മൊത്തം കടവും എത്രയായിരുന്നുവെന്ന് അറിയിക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31/03/2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമാണ്. |
| (ബി) | 15.02.2020 ൽ സംസ്ഥാനത്തിന്റെ പൊതുകടവും മൊത്തം കടവും എത്രയാണെന്ന് വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 31.12.2019 വരെ (01.04.2019 മുതൽ 31.12.2019 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,71,748.28 കോടി രൂപയും കടബാധ്യത 2,55,520.34 കോടി രൂപയുമാണ്. |
| (സി) | പൊതുകടത്തിലും മൊത്തം കടത്തിലും വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ കടമെടുപ്പ് പരിധിക്കുപരിയായി സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുകയില്ല. |
| (ഡി) | മൊത്തം കടത്തിൽ കിഫ്ബി വഴി സമാഹരിച്ച കടം ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിന്റെ മൊത്തം കടത്തിൽ കിഫ്ബി വഴി സമാഹരിക്കുന്ന തുക ഉൾപ്പെടുന്നില്ല. ആഭ്യന്തര/അന്താരാഷ്ട്ര വിപണിയിൽ നിന്നും നാളിതുവരെ കിഫ്ബി 5005.40 കോടി രൂപയുടെ ധനസമാഹരണം നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**